പാഠം 5

# അണിഞ്ഞൊരുങ്ങൽ

ചന്ദനക്കല്ലിന്റെയരികെ ചെന്നു
ചന്ദനമുരസ്സിക്കുറി വരച്ചു
കണ്ണാടിനോക്കിത്തിലകം തൊട്ടു
പീലിത്തിരുമുടി കെട്ടിവെച്ചു
അഞ്ജനംകൊണ്ടവൾ കണ്ണെഴുതി
കുങ്കുമംകൊണ്ടവൾ പൊട്ടുകുത്തി
കസ്തൂരികളഭങ്ങൾ പൂശുന്നുണ്ട്
മെയ്യാഭരണപ്പെട്ടി തുറന്നുവെച്ചു



ഏഴുകടലോടി വന്ന പട്ട്
പച്ചോലപ്പട്ടു ചുളിയും തീർത്തു
പൂക്കുലഞൊറിവച്ചുടുക്കുന്നുണ്ട്
പൊൻതോടയിട്ടു ചമയുന്നുണ്ട്
കൊട്ടമ്പടി വെച്ച പൊന്നരഞ്ഞാൺ
മീതെയഴകിന്നു പൂട്ടുന്നുണ്ട്

ഏഴു ചുറ്റുമുള്ള പൊന്മാലയും
മുത്തു പതിച്ചുള്ള മാലയല്ലോ
കഴുത്തിലും തന്നെയും ചേർത്തണിഞ്ഞു
രാമായണം കൊത്തിവെച്ച വള
എല്ലാമെടുത്തങ്ങണിയുന്നുണ്ട്
പൊന്മുടിതന്നെയും കെട്ടുന്നുണ്ട്

*— വടക്കൻപാട്ട്*



Scanned with CamScanner

## പഠനപ്രവർത്തനങ്ങൾ

**പുതിയ വാക്കുകൾ പഠിക്കാം.**

തിലകം, തോട, കസ്തൂരി, കളഭം

**ആശയം സൂചിപ്പിക്കുക.**

രാമായണം കൊത്തിവെച്ച വള

**ചേർത്തെഴുതുക.**

പച്ച + ഓല -

ചന്ദന + കല്ല് -

പൊൻ + അരഞ്ഞാൺ -

കണ്ണ് + എഴുതി -

'ഏഴ് കടൽ'—ഏഴ് എന്ന അക്കം മറ്റു പലതിനോടും ചേർത്ത് എഴുതാവുന്നതാണ്. താഴെ കൊടുത്തിരിക്കുന്ന പദങ്ങൾ നോക്കൂ.

ഏഴ് ഋഷിമാർ — സപ്തർഷികൾ

ഏഴ് നിറങ്ങൾ — സപ്തവർണങ്ങൾ

ഏഴ് സ്വരങ്ങൾ — സപ്തസ്വരങ്ങൾ

**ഒറ്റവാക്കെഴുതുക.**

**മാതൃക:** അഞ്ജനമെഴുതിയ കണ്ണ് — അഞ്ജനക്കണ്ണ്

കുങ്കുമംകൊണ്ട് തൊട്ടപൊട്ട് —

പൊന്നുകൊണ്ട് ഉണ്ടാക്കിയ അരഞ്ഞാൺ —

ചന്ദനംകൊണ്ട് വരച്ചകുറി —

**പരിചയപ്പെടുക.**

ആലപ്പുഴക്കാരൻ കേശവനാങ്ങളേ
എനിക്കൊരു കുത്ത് തോടവേണം
തോടവേണം പിന്നെ തോടവേണം
മുറ്റമടിക്കുമ്പോൾ, തിന്തതിന്തെ
മുറ്റമടിക്കുമ്പോൾ കൂടെയടിക്കുന്ന തോടവേണം

ഇതുപോലെ, മാല, വള എന്നിവയെക്കുറിച്ച് വരികൾ ഉണ്ടാക്കി എഴുതുക.

**വടക്കൻപാട്ടിലെ സുന്ദരി ഏതെല്ലാം രീതിയിൽ അണിഞ്ഞൊരുങ്ങുന്നു?**



Scanned with CamScanner